ലാബ്രട്ടറി, സിവിൽ എഞ്ചിനീയറിംഗ് ലാബ്രട്ടറി, മെക്കാനിക്കൽ വർക്ക് ഷോപ്പ് തുടങ്ങിയ ലാബ്രട്ടറി സൗകര്യങ്ങളോ കെട്ടിടമോ ഉപകരണങ്ങളോ ഒന്നും അവിടെയില്ല. അതുപോലെതന്നെ 1972-ൽ ഇത് പൂർണ്ണമായി ഏറെറടുത്തിട്ടും അവിടത്തെ സ്റ്റാഫിന് കിട്ടേണ്ടതായിട്ടുള്ള ന്യായമായ ആനുകൂല്യങ്ങളൊന്നും ലഭിച്ചിട്ടില്ല. മറ്റ് പോളിടെക്നിക്കുകളിലെ സ്റ്റാഫുമായി ഏകീകരിപ്പിച്ചുകൊണ്ട് സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാനും അവർക്ക് കിട്ടേണ്ട ന്യായമായ ആനുകൂല്യങ്ങൾ ലഭിക്കാനും വേണ്ടി സംവിധാനമുണ്ടാക്കണം. അതുപോലെതന്നെ ഇലക്ട്രോണിക് കമ്പ്യൂട്ടർ സയൻസ്, ഫിഷറീസ് ടെക്നോളജി, റൂറൽ എഞ്ചിനീയറിംഗ് മാനേജ്മെൻറ് കോഴ്സ് തുടങ്ങിയ പുതിയ കോഴ്സുകൾ ഈ പോളിടെക്നിക്കിൽ അടിയന്തിരമായും അനുവദിക്കേണ്ടതാണ്. നാട്ടുകാരുടെ പണം പിരിച്ച് ഉണ്ടാക്കിയ ഈ സ്ഥാപനത്തോട് ഗവൺമെൻറ് കാണിക്കുന്ന ഈ അവഗണന അവസാനിപ്പിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : വലപ്പാട് ശ്രീരാമാ പോളിടെക്നിക്കലിലെ ആൺകുട്ടികളുടെ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ കെട്ടിടം പണിയുന്നതിന് ഒന്നര വർഷം മുമ്പ് ടെൻഡർ വിളിക്കുകയും അതിനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്തതാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ 5 ലക്ഷം രൂപ ഇതിന് വക ഇരുത്തിയിട്ടുണ്ട്. ഈ ഹോസ്റ്റൽ കെട്ടിടത്തിൻറെപണി ഉടൻതന്നെ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചുവരുകയാണ്. ശ്രീരാമാ പോളിടെക്നിക്കലിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിക്കുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർതന്നെ നേരത്തെ എൻറെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ആ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചു വരികയാണ്. ഈ പോളിടെക്നിക്കലിലെ വർക്കുഷോപ്പും ലാബ്രട്ടറിയും വികസിപ്പിക്കുന്നതിന് 8.52 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് ഈ ആവശ്യത്തിന് തന്നാണ്ടത്തെ ബഡ്ജറ്റിൽ 3 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സത്വരമായ നടപടി സ്വീകരിക്കുന്നതാണ്. അതുപോലെതന്നെ ക്ലാസുകൾ നടത്തുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രിൻസിപ്പാളിന് അധികാരമുണ്ട്. ഇതിനാവശ്യമായ നിർദ്ദേശവും പ്രിൻസിപ്പാളിന് നൽകിയിട്ടുണ്ട്. ആഡിറ്റോറിയത്തിൻറെ കാര്യത്തിനും, ഫർണിച്ചറും, ഉപകരണങ്ങളും വാങ്ങുന്നതിന് ഡയറക്ടർ ഒന്നര ലക്ഷം രൂപയ്ക്കുള്ള അനുവാദം നൽകിയിട്ടുണ്ട്, അതിനും ആവശ്യമായ നടപടി സ്വീകരിച്ചു വരുകയാണ്.

(3) വടക്കാഞ്ചേരിയിലെ കെ. എസ്. ആർ. ടി. ഓപ്പറേറ്റിംഗ് സെൻറർ

ശ്രീ. സി. ടി. കൃഷ്ണൻ : സർ, ഈ മന്ത്രിസഭയിലെ രണ്ട് സുന്ദരൻമാർ ഉൽഘാടനം നിർവഹിച്ച എൻറെ നിയോജകമണ്ഡലത്തിൽപ്പെട്ട വടക്കാഞ്ചേരി പഞ്ചായത്തിൽ ആരംഭിച്ച കെ. എസ്. ആർ. ടി. സി. യുടെ ഓപ്പറേഷൻ സെൻറിൻറെ ഭയനീയ കഥയാണ് ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

140 ഷെഡ്യൂളുകളോടുകൂടി ആരംഭിച്ച ഈ ഓപ്പറേഷൻ സെൻററിൽ 6 ഷെഡ്യൂളുകളും ഇപ്പോൾ ഓടുന്നില്ല. പാണ്ടാംകോട്–പട്ടാമ്പി, മംഗലം ഡാം മലമ്പുഴഡാം, വടക്കാഞ്ചേരി–എറണാകുളം, പുത്തൻകടവ്–മണ്ണാർക്കാട് ഈ ഷെഡ്യൂളുകളൊന്നും ഓടുന്നില്ല. സ്റ്റാഫ് ഇല്ലാത്തതുകൊണ്ട് വണ്ടി ഓടിക്കാൻ സാധിക്കുന്നില്ല എന്നാണ് പറയുന്നത്. പഞ്ചായത്ത് ലക്ഷകണക്കിനു രൂപ മുടക്കി അഞ്ചേക്കർ സ്ഥലം വാങ്ങി കോർപ്പറേഷനെ ഏൽപ്പിച്ചതാണ്. ഞങ്ങളെല്ലാവരുംകൂടി കമ്മിറ്റി ഉണ്ടാക്കി 70,000 രൂപ പിരിച്ച് അവിടെ ഒരു ടെമ്പററി ഷെഡ് ഉണ്ടാക്കിക്കൊടുത്തു ആളുകൾക്ക് യാത്രചെയ്യാനുള്ള യാതൊരു സൗകര്യവുമില്ല. സ്റ്റാഫിനെ അയയ്ക്കണം. ഒരൊറ്റ പുതിയ ബസ്സുപോലും ഇല്ല. 15 കൊല്ലം വീതം പഴക്കമുള്ള ബസ്സുകളാണുള്ളത്. പുതിയ ഓപ്പറേറ്റിംഗ് സെൻററിൽ ഒരൊറ്റ പുതിയ ബസ്സുപോലുമില്ല. അതുകൊണ്ട് ബസ്സുകൾ ഓടുന്നില്ല. ആളുകൾക്ക് ബുദ്ധിമുട്ടാണ്. അതുകൊണ്ട് അടിയന്തിരമായി പുതിയ ബസ്സുകൾ അവിടെ അനുവദിക്കണം. സ്റ്റാഫിനേയും നിയമിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, ബഹുമാനപ്പെട്ടമെമ്പർ സൂചിപ്പിച്ച കാര്യത്തിൽ രണ്ടു സുന്ദരൻമാർ മാത്രമല്ല മൂന്ന് എം. എൽ. എ. മാർകൂടി പങ്കെടുത്തിരുന്നു. 1985 ജൂൺമാസം 30-ാം തീയതിയാണ് വടക്കഞ്ചേരിയിൽ ഒരു ഓപ്പറേഷൻ സെൻറർ ആരംഭിച്ചതും ബസ് സർവ്വീസ് ആരംഭിച്ചതും. 9 ഓർഡിനറി സർവ്വീസും 4 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുമാണ് അന്ന് തുടങ്ങിയത്. 14 ബസ്സുകൾ അവിടെ അനുവദിച്ചിട്ടുണ്ട്. അറ്റകുറ്റ പണികൾക്കുവേണ്ടി ബസ്സുകൾ ചിലപ്പോൾ ഗാരേജിൽ കയറ്റുന്നതുകൊണ്ടാണ് ചില സർവ്വീസുകൾ മുടങ്ങുന്നത്. വടക്കാഞ്ചേരിയിൽ നിന്നുള്ള ഒരൊറ്റ സർവ്വീസും നിർത്തലാക്കിയിട്ടില്ല. അറ്റകുറ്റ പണികൾക്കുവേണ്ടി ഗാരേജിൽ കയറ്റുമ്പോൾ ചില സർവ്വീസുകൾ മുടങ്ങുന്നു. അത് ഗവൺമെൻറിനു ബോദ്ധ്യമായിട്ടുണ്ട്. ഓരാറ്റ സർവ്വീസും ക്യാൻസൽ ചെയ്തിട്ടില്ല. ബസ്സുകിട്ടുമ്പോൾ അവിടത്തേക്ക് ആവശ്യമായ ബസ്സുകൾ നൽകുന്നതാണ്.

(4) വി. ഇ. ഒ. മാരുടെ ട്രെയിനിംഗ്

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, സെലക്ഷൻ മെമ്മോ കിട്ടിയിട്ട് ട്രെയിനിംഗിനുവേണ്ടി കാത്തിരിക്കുന്ന നൂറുകണക്കിന് ചെറുപ്പക്കാരുടെ പ്രശ്നം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

കണ്ണൂർ, കാസർകോട്, കോഴിക്കോട് ജില്ലകളിലായി സെക്കൻഡ് ഗ്രേഡ് വി. ഇ. ഒ. മാരായി സെലക്ഷൻ മെമ്മോ കിട്ടിയ ചെറുപ്പക്കാർക്ക് ഇതുവരെ ട്രെയിനിംഗിനുള്ള മെമ്മോ കൊടുത്തിട്ടില്ല. അങ്ങനെ മെമ്മോ കൊടുക്കാതിരുന്നാൽ മൂന്നുമാസം കഴിഞ്ഞാൽ ആ ലിസ്റ്റ് ക്യാൻസലായി പോകും. ഇങ്ങനെ മൂന്നുമാസം കഴിഞ്ഞ് ഈ ലിസ്റ്റ് ക്യാൻസലായി പോയാൽ ഭാവിതന്നെ എങ്ങനെയായിരിക്കുമെന്ന് ഉൽക്കണ്ഠയോടുകൂടി ഈ ചെറുപ്പക്കാർ കഴിയുകയാണ്. ഇങ്ങനെ ഉൽക്കണ്ഠയോടുകൂടി കഴിയുന്ന ഈ ചെറുപ്പക്കാരുടെ ഉൽക്കണ്ഠ അവസാനിപ്പിച്ച് അവരെ എത്രയുംവേഗം ട്രെയിനിംഗിന് വിളിച്ച് പ്രതീക്ഷ നൽകി ആശ്വസിപ്പിക്കാൻ ഗവൺമെൻറ് തയ്യാറാകണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, നിയമനങ്ങൾക്കുമുമ്പ് പരിശീലനം ആവശ്യമായി വരുന്ന തസ്തികകളിൽ പബ്ലിക് സർവ്വീസ് കമ്മിഷൻറെ റൂൾസ് ഓഫ് പ്രൊസീഡ്യൂർ അനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly